## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4674** — **19-07-2022 - ൽ മറുപടിയ്ക്ക്**

## പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷ് ലാൻഡിംഗ് സെന്റർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിൽ പരവൂർ തെക്കും ഭാഗം കടൽത്തീരത്ത് മിനി ഫിഷ് ലാൻഡിംഗ് സെന്റർ സ്ഥാപിക്കുന്നതിന് 1980-ൽ ആരംഭിച്ച പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി അറിയിക്കാമോ; | (എ) | പരവൂർ തെക്കുംഭാഗം കടൽത്തീരത്ത് യന്ത്രവൽകൃത മത്സ്യബന്ധന ബോട്ടു കൾക്കായി മിനി ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കുന്നതിനായി മതിലും അഡ്മിനിസ്ട്രേറ്റീവ് കെട്ടിടവും പൂർത്തിയായെങ്കിലും യന്ത്രവൽകൃത മത്സ്യബന്ധന ബോട്ടുകൾക്ക് മത്സ്യബന്ധനത്തിനായി ഇറങ്ങുന്നതിന് അടിസ്ഥാന ആവശ്യമായ ശാന്തമായ ബേസിൻ ലഭ്യമല്ലാത്തതിനാൽ ഈ ഫിഷ് ലാന്റിംഗ് സെന്റർ പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞില്ല. ആയതിനാൽ പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതാണ് ഉചിതമെന്ന് തീരുമാനിക്കുകയും ഇതിനായുള്ള അന്വേഷണഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 81 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തുകയും തുടർന്ന് മത്സ്യബന്ധന തുറമുഖത്തിന്റെ മാതൃകാപഠനം നടത്തുന്നതിനായി കേന്ദ്ര ഏജൻസിയായ പൂനെ സി.ഡബ്ല്യൂ.പി.ആർ.എസ്-നെ ചുമതല പ്പെടുത്തുകയും ചെയ്തു.<br><br>സി.ഡബ്ല്യൂ.പി.ആർ.എസ്-ൽ നിന്നും അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല. അന്തിമ റിപ്പോർട്ട് ലഭ്യമായതിന് ശേഷമേ പരിസ്ഥിതി ആഘാതപഠനം ആരംഭിക്കുവാൻ കഴിയുകയുള്ളു. |
| (ബി) | ഫിഷ് ലാൻഡിംഗ് സെന്റർ സ്ഥാപിക്കുന്നതിനായി സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷന്റെ (സി.ഡബ്ല്യൂ.പി.ആർ.എസ്. ) അന്തിമ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ എന്നും പരിസ്ഥിതി ആഘാത പഠനം ആരംഭിച്ചിട്ടുണ്ടോ എന്നും വിശദമാക്കാമോ; | (ബി) | പരവൂർ തെക്കുംഭാഗം കടൽത്തീരത്ത് യന്ത്രവൽകൃത മത്സ്യബന്ധന ബോട്ടു കൾക്കായി മിനി ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കുന്നതിനായി മതിലും അഡ്മിനിസ്ട്രേറ്റീവ് കെട്ടിടവും പൂർത്തിയായെങ്കിലും യന്ത്രവൽകൃത മത്സ്യബന്ധന ബോട്ടുകൾക്ക് മത്സ്യബന്ധനത്തിനായി ഇറങ്ങുന്നതിന് അടിസ്ഥാന ആവശ്യമായ ശാന്തമായ ബേസിൻ ലഭ്യമല്ലാത്തതിനാൽ ഈ ഫിഷ് ലാന്റിംഗ് സെന്റർ |

| | | | |
|---|---|---|---|
| | | | പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞില്ല. ആയതിനാൽ പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതാണ് ഉചിതമെന്ന് തീരുമാനിക്കുകയും ഇതിനായുള്ള അന്വേഷണഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 81 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തുകയും തുടർന്ന് മത്സ്യബന്ധന തുറമുഖത്തിന്റെ മാതൃകാപഠനം നടത്തുന്നതിനായി കേന്ദ്ര ഏജൻസിയായ പൂനെ സി.ഡബ്ല്യൂ.പി.ആർ.എസ്-നെ ചുമതല പ്പെടുത്തുകയും ചെയ്തു.<br><br>സി.ഡബ്ല്യൂ.പി.ആർ.എസ്-ൽ നിന്നും അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല. അന്തിമ റിപ്പോർട്ട് ലഭ്യമായതിന് ശേഷമേ പരിസ്ഥിതി ആഘാതപഠനം ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |
| (സി) | പ്രസ്തുത ഫിഷ് ലാൻഡിംഗ് സെന്റർ സ്ഥാപിക്കുന്നതിന് ഇനി എന്തെല്ലാം നടപടി ക്രമങ്ങൾ പൂർത്തീകരിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | മാതൃകാപഠന ഏജൻസിയായ പൂനെ സി.ഡബ്ല്യൂ.പി.ആർ.എസ് -ൽ നിന്നും അന്തിമ റിപ്പോർട്ട് ലഭിച്ച ശേഷം എൺവയോൺമെന്റൽ ഇംപാക്ട് അസെസ്മെന്റ് സ്റ്റഡി, കോസ്റ്റൽ റെഗുലേഷൻ സോൺ ക്ലിയറൻസ്, പൊല്യൂഷൻ കൺട്രോൾ ബോർഡ് ക്ലിയറൻസ് എന്നിവയ്ക്ക് വേണ്ടിയുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. എൺവയോൺമെന്റൽ ഇംപാക്ട് അസെസ്മെന്റ് ക്ലിയറൻസ് ലഭ്യമാക്കുന്നതോടൊപ്പം പദ്ധതി രൂപരേഖയും തയ്യാറാക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ